ഡൈനാമൊ സെറ്റ്
110 Volt. D. C 3½ K. W.
ഇംഗ്ലീഷ് Make. അധികം ഉപയോഗിക്കാത്തത്, സ്വിച്ച്, മീറർ, പ്ലഗ്, റഗുലേറർ മുതലായവ അടക്കം വില്പനയുണ്ട്.
A. N. T. JOSEPH. Phone: 6.
Metal Works, VALAPAD


Reg: No K. 51

തൊഴിലാളി

Founder Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്
പോസ്റ്റ് വഴി / പോസ്റ്റ് വഴി
ഒരു കൊല്ലത്തേയ്ക്ക് 27_00 / 6_00
6 മാസത്തേയ്ക്ക് 13_50 / 3_00
1 മാസത്തേയ്ക്ക് 2_25 / 1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക് വാരാന്ത്യപ്പതിപ്പ് അടക്കം 2_10
ഒറ്റപ്രതി 0_07 0_10
മാനേജർ.

വ്യാപകം 12 | ലക്കം 108 | 1965 ഏപ്രിൽ 24 ശനി | തൃശ്ശൂർ | വില 7 പൈസ | പേജ് 4



മുന്നണിപ്രദേശത്തെ സൈനികർ ഈസ്റ്റർ ദിനം സുചിതമായി ആഘോഷിക്കുകയുണ്ടായി. കബ്ബാന വേളയിൽ ഒരു സൈനികനു കുത്തോലിക്കാ വൈദികൻ പ്രാർത്ഥകബ്ബാനയെഴുന്നള്ളിച്ച് കൊടുക്കുന്നതാണു് ചിത്രത്തിൽ കാണുന്നതു്.

പ്ര:മന്ത്രി ശാസ്ത്രി നേപ്പാളിൽ

ഇന്ത്യയ്ക്കും നേപ്പാളിനും ലോകസമാധാനം കൈവരുത്തുന്നതിനു് മഹത്തായ സംഭാവനകൾ ചെയ്യാൻ സാധിക്കുമെന്നു്

(പി. ടി. ഐ.) കാത്മണ്ഡു, ഏ. 23

അഭിപ്രായ സാധർമ്മ്യവും ഉറ്റസഹകരണവും പുലർത്തുന്ന ഇന്ത്യയ്ക്കും നേപ്പാളിനും ലോകത്തു് പരസ്പരധാരണയും സമാധാനവും കൈവരുത്തുവാൻ മഹത്തായ സംഭാവനകൾ ചെയ്യുന്നതിനു കഴിയുമെന്നു് ഇന്നിവിടെ എത്തിയ ഇന്ത്യൻ പ്രധാനമന്ത്രി ശാസ്ത്രി പ്രസ്താവിച്ചിരിക്കുന്നു.

നേപ്പാളീസ് മന്ത്രിസഭാ കൌൺസിൽ ചെയർമാനായ സൂര്യബഹാദൂർ താപ്പ സ്വീകരണത്തിനു നിന്നു് സംസാരിക്കുന്നതിനിടയിൽ ശാസ്ത്രി പറയുകയായിരുന്നു ശാസ്ത്രി. ഇരു രാഷ്ട്രങ്ങളും തമ്മിൽ പരമ്പരാഗതമായി പുലർത്തിവന്നിരുന്ന ഊഷ്മള സമ്പർക്കത്തെ ശാസ്ത്രി അനുസ്മരിച്ചു. ഈ ബന്ധം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടു്.

അടുത്ത കാലത്തായി സാമ്പത്തികരംഗത്തും ഇതരരംഗങ്ങളിലും. ഇരുരാഷ്ട്രങ്ങളും പുലർത്തിവരുന്ന സഹകരണം ഇന്ത്യയും നേപ്പാളും തമ്മിലുള്ള സൌഹൃദത്തിന്റെ അടിസ്ഥാനസ്തംഭമായി പ്രതിനിധീകരിച്ചിട്ടുണ്ടെന്നു താപ്പ തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

മഹേന്ദ്രരാജാവിന്റെ ക്ഷണമനുസരിച്ചു് 3 ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനാണു് മി. ശാസ്ത്രി ഇന്നിവിടെ എത്തിയതു്.

ഒരിന്ത്യൻ വ്യോമസേന വിമാനത്തിലാണു് ശാസ്ത്രി ന്യൂഡൽഹിയിൽനിന്നും ഇവിടെ എത്തിച്ചേർന്നതു്. ഒരു സൌഹൃദസന്ദർശനത്തിനാണു് താൻ നേപ്പാളിലേക്കു പോകുന്നതെന്നു് മി. ശാസ്ത്രി ന്യൂഡൽഹിവിമാനത്താവളത്തിൽവെച്ചു് നിരീക്ഷകരോടു് പറഞ്ഞു. അവിടെ വെച്ചു് അദ്ദേഹം പത്രലേഖകരുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി.

ഫോർട്ടുകൊച്ചി ലോക്കപ്പിലെ നരഹത്യ

തെളിവു് ശേഖരിച്ച ശേഷം ഐ. ജി. മടങ്ങിപ്പോയി

(സ്വ. ലേ.)

ഫോർട്ടുകൊച്ചി, ഏ. 23

ശ്രീ. കെ. കെ. കുഞ്ഞുമുഹമ്മതിന്റെ ലോക്കപ്പ് മരണം സംബന്ധിച്ചു് അന്വേഷണം നടത്തുന്നതിന്നായി ഇവിടെ എത്തിയിരുന്ന ഐ. ജി. രാമയ്യർ ഇന്നു വൈകുന്നേരം തിരുവനന്തപുരത്തേക്കു് മടങ്ങിപ്പോയിരിക്കുന്നു.

കുഞ്ഞുമുഹമ്മദിനെ പിടിച്ചുകൊണ്ടുപോയ ചായപ്പീടികയും പരിസരവും ഐ. ജി. സന്ദർശിച്ചു് തെളിവുകൾ ശേഖരിക്കുകയുണ്ടായി. ഐ. ജി.ക്കു് തെളിവുകൾ നൽകിയവരിൽ കൊച്ചു മൊയ്തീൻ, പരീക്കുട്ടി, അഹമ്മദ്, സംസുദ്ദീൻ, സെയ്തുമുഹമ്മതു് തുടങ്ങിയവർ ഉൾപ്പെടുന്നു.

സബ്ബ് ഇൻസ്പെക്ടർ മാത്യു മുതലാളിയും മറ്റും പോലീസുകാരും കുഞ്ഞുമുഹമ്മദിനെ മർദ്ദിച്ചുവെന്നാണു് ഇവർ പറഞ്ഞതായാണറിയുന്നതു്.

കോൺഗ്രസ്സിതരകക്ഷികളുടെ പ്രതിനിധികളുടെ ഒരു നിവേദകസംഘം ഐ. ജി.ക്കു് സമർപ്പിച്ച ഒരു മെമ്മോറാണ്ടത്തിൽ ഈ സംഭവം സംബന്ധിച്ചു് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കണമെന്നു് ആവശ്യപ്പെട്ടു. കഷ്ടകാലത്തൊഴിലാളി പാർട്ടിയെ പ്രതിനിധീകരിച്ചതു് മി.പി.എ സൈനുദ്ദീനായിരുന്നു.

ഐ. ജി. മി. രാമയ്യർ പോലീസ് സ്റ്റേഷനിലെത്തുന്ന സമയത്തു് മരിച്ച കുഞ്ഞുമുഹമ്മതിന്റെ കടപ്പുറംഭാഗങ്ങളും ഗെയിററിൽ നില്പുണ്ടായിരുന്നു. ഐ. ജി. യോടു് സങ്കടമുണർത്തിക്കുന്ന വേളയിൽ അവരെല്ലാം പൊട്ടിക്കരഞ്ഞതു രംഗം കൂടുതൽ വേദനാജനകമായിത്തീർന്നു. കുഞ്ഞുമുഹമ്മതിന്റെ മാതാവു് അവിടെ ബോധരഹിതയായി നിലംപതിക്കുകയുണ്ടായി.

.....

കെരോൺ പുത്രന്റെ സ്വത്തുക്കൾ ജപ്തിചെയ്തു

(പി. ടി. ഐ) പട്ടാല, ഏ. 23

പരേതനായ പ്രതാപ്സിങ്ങ് കൈരോന്റെ മൂത്തമകനായ സുരിന്ദർസിങ്ങു് കൈരോന്റെ സ്വത്തുക്കൾ ജപ്തി ചെയ്യുവാൻ ആദായനികുതി അധികൃതർ കല്പന പുറപ്പെടുവിച്ചിരിക്കുന്നു. 8.45 ലക്ഷം രൂപയിലധികമുള്ള ആദായനികുതി കുടിശ്ശിക സുരിന്ദർസിങ്ങു് കൊടുത്തുതീർക്കുവാനുണ്ടു്. അതു് ആദായനികുതിഅധികൃതർ നിർദ്ദേശിച്ച സമയത്തിനു മുമ്പു് അടച്ചുതീർക്കുവാൻ കഴിഞ്ഞില്ല. ജപ്തിചെയ്യപ്പെട്ടവയിൽ മണ്ടിഗോവിലെ നീലംസിനിമ, പട്ടിയാലയിലെ ക്യാപ്പിറോൾ സിനിമ, ഹിസ്സാറിലെ എലൈറ്റ് സിനിമ, ഫരീദാബാദിലെ ഒരു വീടു്, ഫരീദാബാദിലെ ഒരു ഫ്ലാറ്റ് എന്നിവ ഉൾപ്പെടുന്നു.

വിയറ്റ്നാം യുദ്ധം

അമേ. സേനയും വിയറ്റ് കോങ്ങും ഏറ്റുമുട്ടി

ഗവ: സേനകളെ വിയറ്റ്കോങ്ങ് തിരിച്ചോടിച്ചു

[റോയിട്ടർ] സൈഗോൺ, ഏ 23

വടക്കൻവിയറ്റ്നാമിന്റെ സൈനികവിമാനങ്ങളുടെ നേരെയുള്ള ആക്രമണം അമേരിക്കൻ നാവികവിമാനങ്ങളും തുടർന്നു കൊണ്ടിരിക്കുന്നു.

തെക്കൻവിയറ്റ്നാമിന്റെ ബോബർവിമാനങ്ങളാകട്ടെ സൈനികകേന്ദ്രങ്ങളിൽ ബോംബു് വർഷിച്ചു.

ഡാനാങ്ങു് അമേരിക്കൻ വ്യോമസേനത്താവളത്തിൽനിന്നു് 30 നാഴികയ്ക്കുള്ളിലുള്ള വിയറ്റ്കോങ്ങു് വലയിതകേന്ദ്രത്തിനു നേരെയുണ്ടായ ഗവണ്മെണ്ടു് സേനകളുടെ ആക്രമണത്തെ വിയറ്റ്കോങ്ങുകൾ തള്ളിനീക്കി. ഗവണ്മെണ്ടു് സേനകൾ പിൻവാങ്ങുകയും ചെയ്തു.

തെക്കൻവിയറ്റ്നാമിലെ വിവിധ വിയറ്റ്കോങ്ങ് കേന്ദ്രങ്ങളുടെ നേരെയും അമേരിക്കൻ ജെറ്റ് വിമാനങ്ങൾ ആക്രമണങ്ങൾ നടത്തി.

ഹനോയിക്കു് 135 നാഴിക ദൂരെവച്ചു് ഇന്ധനത്തോളം സൈനികലോറികളും ആക്രമണത്തിനു് വിധേയമായി. ബോംബിൽനിന്നു് 40 നാഴിക ദൂരെയുള്ള മിഡക്ക് പാലവും വിമാനങ്ങൾ തകർത്തു. ഒരു വിമാനം തിരിച്ചെത്തിയിട്ടില്ല. വിമാനവേധതോക്കുകൾ അതിനെ വീഴ്ത്തിയിരിക്കാമെന്നു് കരുതപ്പെടുന്നു.

വിയറ്റ്കോങ്ങുകൾ ഇപ്പോഴത്തെയായി അമേരിക്കൻ നാവികസേനയുമായി ഇന്നു് ഏറ്റുമുട്ടി. ഒരു അമേരിക്കൻ നാവികനു് പരിക്കുപറ്റി. ഓസ്ട്രേലിയൻ വിമാനത്താവളത്തിനടുത്തുവച്ചാണു് ഈ ഏറ്റുമുട്ടൽ നടന്നതു്.

ശവസംസ്കാരം നീട്ടി

കഴിഞ്ഞ ഫെബ്രുവരി ആത്മാഹുതി ചെയ്ത ബുദ്ധഭിക്ഷുവിന്റെ ശവസംസ്കാരം അടുത്ത ഞായറാഴ്ചയിലേക്കു നീട്ടിവെക്കുവാൻ ബുദ്ധമതനേതാക്കൾ തങ്ങളുടെ അനുയായികളുടെ സമ്മർദ്ദംമൂലം നിർബ്ബന്ധിതരായിരിക്കുന്നു.

സമാധാനത്തിനുവേണ്ടി ആത്മാഹുതിചെയ്ത ഒരു ബുദ്ധഭിക്ഷുവിന്റെ ശവസംസ്കാരം ഇതു തിരക്കിൽ നടത്തുന്നതു് ശരിയല്ലെന്നും ബുദ്ധമതത്തിന്റെ ഇടയിലുള്ള അഭിപ്രായഗതി. പക്ഷെ ശവസംസ്കാരം വേഗത്തിൽ നടത്തണമെന്നു് ആഗ്രഹിച്ചിരുന്ന ചില വൃത്തങ്ങളെ ഈ നിക്കം പരാജയപ്പെടുത്തിയിരിക്കുകയാണു്.

ഒരു വിമാനംകൂടി വെടിവെച്ചുവീഴ്ത്തി

(റോയിട്ടർ) ഹോങ്കോങ്ങു്, ഏ 23

ഇന്നലെ രാത്രി ഒരു അമേരിക്കൻ ജെറ്റ് വിമാനത്തെ വെടിവെച്ചു് വീഴ്ത്തിയതായി വടക്കൻ വിയറ്റ്നാം അവകാശപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ ആഗസ്റ്റിനുശേഷം വെടിവെച്ചു് വീഴ്ത്തിയ അമേരിക്കൻ വിമാനങ്ങളുടെ സംഖ്യ ഇപ്പോൾ 223 ആയെന്നു് വിയറ്റ്നാം ന്യൂസ് ഏജൻസി റിപ്പോർട്ടു് ചെയ്തു.

മാധവൻനായർ ശാസ്ത്രിയെ കണ്ടു

ന്യൂഡൽഹി, ഏ. 15

മുൻ കോൺഗ്രസ് ജനറൽ സിക്രട്ടറി കെ. പി. മാധവൻനായർ ഇന്നലെ പ്രധാനമന്ത്രിയെക്കണ്ടു് സംഭാഷണം നടത്തി.

ഗുജറാത്തു് ഗവർണ്ണർപദത്തിനു് മി. മാധവൻനായരുടെ പേരു് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്.

പക്ഷെ ഈ പദവി ഏറ്റെടുക്കുവാൻ മാധവൻനായർ ഇഷ്ടപ്പെടുന്നില്ലെന്നാണു് അറിയുന്നതു്.

(പി. ടി. ഐ)

കേന്ദ്ര ജീവനക്കാരുടെ ക്ഷാമബത്ത

ഗവ: തീരുമാനം തിങ്കളാഴ്ച വിജ്ഞാപനം ചെയ്യും

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 23

കേന്ദ്ര ഗവണ്മെണ്ടു് ജീവനക്കാരുടെ ക്ഷാമബത്ത സംബന്ധിച്ച ഗവണ്മെണ്ടു തീരുമാനം ധനകാര്യ മന്ത്രി മി. ടി. ടി. കൃഷ്ണമാചാരി അടുത്ത തിങ്കളാഴ്ച വിജ്ഞാപനം ചെയ്യുന്നതായിരിക്കും. ഇതിന്റെ അവസാനരൂപം ഇപ്പോഴും പഠിച്ചുവരികയാണെന്നു് മി. ടി. ടി. കെ. ശ്രോക് സഭയിൽ പറഞ്ഞു.

.....

മക്കളുടെ അറസ്റ്റു ചെയ്തു

[ഷി. ടി. ഐ.] വിജയവാഡ, ഏ. 23

മസൂലിപട്ടണത്തിലെ 2 അരിമില്ലുകളിൽ പരിശോധന നടത്തിയതിനെ തുടർന്നു് പോലീസ് രണ്ടുപേരെ അറസ്റ്റുചെയ്തിരിക്കുന്നു. 5600 കിന്റൽ നെല്ലും 600 കിന്റൽ അരിയും പോലീസ് പിടിച്ചെടുത്തു. സ്റ്റോക്കുകൾ സംബന്ധിച്ചു് സമൃദ്ധിയിൽനിന്നുണ്ടാകുന്ന ശരിയായവിവരങ്ങൾ നല്കിയില്ലെന്ന ആരോപിക്കപ്പെട്ടിരിക്കുന്നു.

.....

മോൺ: വാഴപ്പിള്ളിയുടെ പൌരോഹിത്യരജതജൂബിലി ആഘോഷം

ഇന്നലെ മരിയാപുരത്തു് ആരംഭിച്ചു


[സ്വ. ലേ.] മരിയാപുരം, ഏപ്രിൽ 23

തൃശ്ശൂർ കൃപാ വികാരി ജനറാളും മരിയാപുരം മിഷ്യൻ ഹോം സ്ഥാപകനും മുൻ "തൊഴിലാളി" പത്രാധിപരുമായിരുന്നുള്ളടെ ആരാധ്യനും തൊഴിലാളികളുടെ കണ്ണിലുണ്ണിയുമായ റൈറ്റ്. റവ. മോൺ: സഖറിയാസ് വാഴപ്പിള്ളി ഡി. ഡി. യുടെ പൌരോഹിത്യ രജതജൂബിലിആഘോഷങ്ങൾ ഇന്നിവിടെ ആരംഭിച്ചിരിക്കുന്നു.

ആഘോഷപരിപാടികളിൽ നൂറുകണക്കിനു് വൈദികരും സന്യാസിനികളും മറ്റനേകം ബഹുജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ ഇന്നലെ രാത്രി 8 മണിക്കു് മരിയാപുരം മിഷ്യൻ ഹോം ചാപ്പലിൽ ആഘോഷപൂർവ്വമായ പാട്ടുകുർബ്ബാന, തിരുഹൃദയ പ്രതിഷ്ഠാനവീകരണം, പൊതുദിവ്യകാരുണ്യ സ്വീകരണം എന്നീ ഭക്തകർമ്മങ്ങളും നടക്കുകയുണ്ടായി. വൈകുന്നേരം 5: കണ്ണനായ്കയുടെ വാഴ്വു് നടത്തപ്പെട്ടു.

നാളെ (24_4_'65) കാലത്തു് പള്ളിയിൽ ഭക്തകർമ്മങ്ങളും നടത്തപ്പെടുന്നതാണു്. ഉച്ചതിരിഞ്ഞു് ഇതോടനുബന്ധിച്ചു് നടത്തപ്പെടുന്ന ഭക്തസംഘടനകളുടെ സംയുക്ത വാഷ്പികത്തിൽ റൈറ്റ്. റവ. മോൺ: സഖറിയാസ് വാഴപ്പിള്ളി ഡി. ഡി. അദ്ധ്യക്ഷംവഹിക്കും. പി. പി. ജോണി പ്രസംഗിക്കുന്നതാണു്. വൈകുന്നേരം "ദിവ്യബലി" എന്ന നാടകം നടത്തപ്പെടുന്നതാണു്.

25_ാംനു തായറാഴ്ച കാലത്തു് ആഘോഷമായ ദിവ്യപൂജ, കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം എന്നീ തിരുക്കർമ്മങ്ങളും നടത്തപ്പെടും. ഉച്ചതിരിഞ്ഞു് 4 മണിക്കു് ദിവ്യകാരുണ്യ പ്രദക്ഷിണം, പരി: ഖർബ്ബാനയുടെ വാഴ്വു് എന്നീ ചടങ്ങുകളും നടക്കും. പിന്നീടു് നടത്തപ്പെടുന്ന സമ്മേളനത്തിൽ റൈറ്റ്. റവ. മോൺ: സെബാസ്റ്റ്യൻ ചിറയത്തു് അദ്ധ്യക്ഷം വഹിക്കുന്നതും ടി. കെ. മാത്യു, എം. എ. പ്രസംഗിക്കുന്നതുമാണു്. സമ്മേളനാനന്തരം "കവത്ത വെളിച്ചം" എന്ന നാടകം നടത്തപ്പെടുന്നതായിരിക്കും. (മോൺസിഞ്ഞോറിന്റെ പൌരോഹിത്യ രജതജൂബിലിദിനം അടുത്ത ആഗസ്റ്റ് മാസമാണു് 24 നു യാണു്.)



ഹോം ഡയറക്ടർ) പതാകയുയർത്തി. അതിനുശേഷം മരിയാപുരം മിഷ്യൻ ഹോം പള്ളിയിൽ ആഘോഷപൂർവ്വമായ പാട്ടുകുർബ്ബാന, തിരുഹൃദയ പ്രതിഷ്ഠാനവീകരണം, പൊതുദിവ്യകാരുണ്യ സ്വീകരണം എന്നീ ഭക്തകർമ്മങ്ങളും നടക്കുകയുണ്ടായി. വൈകുന്നേരം 5: കണ്ണനായ്കയുടെ വാഴ്വു് നടത്തപ്പെട്ടു.

നാളെ (24_4_'65) കാലത്തു് പള്ളിയിൽ ഭക്തകർമ്മങ്ങളും നടത്തപ്പെടുന്നതാണു്. ഉച്ചതിരിഞ്ഞു് ഇതോടനുബന്ധിച്ചു് നടത്തപ്പെടുന്ന ഭക്തസംഘടനകളുടെ സംയുക്ത വാഷ്പികത്തിൽ റൈറ്റ്. റവ. മോൺ: സഖറിയാസ് വാഴപ്പിള്ളി ഡി. ഡി. അദ്ധ്യക്ഷംവഹിക്കും. പി. പി. ജോണി പ്രസംഗിക്കുന്നതാണു്. വൈകുന്നേരം "ദിവ്യബലി" എന്ന നാടകം നടത്തപ്പെടുന്നതാണു്.

25_ാംനു തായറാഴ്ച കാലത്തു് ആഘോഷമായ ദിവ്യപൂജ, കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം എന്നീ തിരുക്കർമ്മങ്ങളും നടത്തപ്പെടും. ഉച്ചതിരിഞ്ഞു് 4 മണിക്കു് ദിവ്യകാരുണ്യ പ്രദക്ഷിണം, പരി: ഖർബ്ബാനയുടെ വാഴ്വു് എന്നീ ചടങ്ങുകളും നടക്കും. പിന്നീടു് നടത്തപ്പെടുന്ന സമ്മേളനത്തിൽ റൈറ്റ്. റവ. മോൺ: സെബാസ്റ്റ്യൻ ചിറയത്തു് അദ്ധ്യക്ഷം വഹിക്കുന്നതും ടി. കെ. മാത്യു, എം. എ. പ്രസംഗിക്കുന്നതുമാണു്. സമ്മേളനാനന്തരം "കവത്ത വെളിച്ചം" എന്ന നാടകം നടത്തപ്പെടുന്നതായിരിക്കും. (മോൺസിഞ്ഞോറിന്റെ പൌരോഹിത്യ രജതജൂബിലിദിനം അടുത്ത ആഗസ്റ്റ് മാസമാണു് 24 നു യാണു്.)

ശാസ്ത്രി യൂഗോസ്ലാവ്യായിലേയ്ക്കു്

മദ്രാശി, ഏ. 23

യൂഗോസ്ലാവ്യസന്ദർശിക്കുന്നതിനായുള്ളയൂഗോസ്ലാവ് ഗവണ്മെണ്ടിന്റെ ക്ഷണം പ്രധാനമന്ത്രി മി. ലാൽ ബഹദൂർ ശാസ്ത്രി സ്വീകരിച്ചിരിക്കുന്നതായി യൂഗോസ്ലാവ് അമ്പസിഡർ ദിവോജ് യുവാലിക ഇന്നിവിടെ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു. സന്ദർശനത്തിയതി തീരുമാനിച്ചിട്ടില്ല.

(പി ടി ഐ)

അങ്ങിനെയൊന്നും പറഞ്ഞില്ലെന്നു് മധുലിമായെ

ന്യൂഡൽഹി, ഏ. 23

സഭയ്ക്കു് സ്പീക്കർക്കോ അപമാനകരമായ യാതൊരു പദവും താൻ ഉപയോഗിക്കയുണ്ടായില്ലെന്നു് ഏപ്രിൽ 8_ാം തീയതി രണ്ടാഴ്ചക്കാലത്തേയ്ക്കു് സഭയിൽനിന്നും സസ്പെൻറ് ചെയ്യപ്പെട്ട മധുലിമായെ ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

(പി ടി ഐ)

9 ഇന്ത്യൻ പട്ടാളക്കാർ കൊല്ലപ്പെട്ട എന്ന റിപ്പോർട്ടു്

പാക്കിസ്ഥാന്റെ കെട്ടുകഥയാണെന്നു്

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 23

പാക്-ഇന്ത്യൻ കമ്മീഷൻ തമ്മിൽ നടന്ന സംഘട്ടനത്തിൽ മുങ്ങിയതു് 9-ഇന്ത്യൻ പട്ടാളക്കാർ കൊല്ലപ്പെട്ടിരിക്കുന്നതായി കരുതുന്നുവെന്ന കറാച്ചി റിപ്പോർട്ടുകൾ സാങ്കല്പികകഥകളാണെന്നു് രാജ്യരക്ഷാവകുപ്പിലെ ഒരു വക്താവു് വീണ്ടുമിവിടെ പറഞ്ഞു. സംഘട്ടനം എപ്പോൾ നടന്നുവെന്നു് പാക്കിസ്ഥാൻ റിപ്പോർട്ടുകളിൽ കാണുന്നില്ല.

കച്ച്-സിന്ധ് അതിർത്തിപ്രദേശത്തു് നടന്ന യുദ്ധത്തിന്റെ കണക്കുകൾ പാക്കിസ്ഥാൻ പെരുപ്പിച്ചുകാണിക്കുന്നതു് പാക്കിസ്ഥാനികളുടെ ആത്മവീര്യം നിലനിർത്തുന്നതിനുവേണ്ടിയാണെന്നും ഇതു വക്താവു് പറഞ്ഞു.

ഇന്നു സായാഹ്നംവരെ ലഭിച്ച റിപ്പോർട്ടനുസരിച്ചു് ഇതുവരെ ഒരൊറ്റ ഇന്ത്യൻ പട്ടാളക്കാരൻ മാത്രമാണു് കച്ച്-സിന്ധ് പ്രദേശത്തു് കൊല്ലപ്പെട്ടതെന്നും അദ്ദേഹം അറിയിച്ചു.

നിറംമങ്ങിയ അരി മരണംവിതക്കുന്നു

(പി ടി ഐ) കൽക്കത്ത, ഏ 23

ഒരു നിറ്റുഡയ്വധി പിടിപെട്ടു് നാസിയജില്ലയിൽ ആറുപേർ ഇയ്യിടെ മരിച്ചുവെന്നു് റിപ്പോർട്ടു് ചെയ്യപ്പെട്ടുന്നു. ഈ വ്യാധിയുടെലക്ഷണങ്ങളും വേദനയും, പനിയും ആണു്.

നിറംമങ്ങിയ ഒരുതരം അരിയുടെ ഭക്ഷണം കഴിച്ചതിനുശേഷമാണു് ഈ സുഖക്കേടു് കണ്ടതു്.

ജില്ലയിൽ കട്ടേറെപ്പേരെ ഈ സുഖക്കേടു് ബാധിച്ചിട്ടുണ്ടത്രെ. ഈ അരിയുടെ ഭക്ഷണം കഴിക്കുന്നതുതന്നെയാണു് ഇതിനു് കാരണമായിട്ടുള്ളതു്.

സംസ്ഥാനഗവണ്മെണ്ടിന്റെ ലാബറട്ടറിയിൽ ഈ അരി പരിശോധനക്കു് വിധേയമായി. എലികൾക്കു മാറ്റം ചില മൃഗങ്ങൾക്കും അതിന്റെ ഭക്ഷണം നൽകിയതിൽ അവയിൽചിലതു് ചാകുകയുണ്ടായി.

ഈ തരം അരി വിൽക്കുന്നതിനേയും ഭക്ഷിക്കുന്നതിനേയും ഗവണ്മെണ്ടു് വിലക്കിയിട്ടുണ്ടു്.

.....

എ ഐ. ആറിന്റെ പുതിയ ഡയറക്ടർ ജനറൽ

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 23

വാർത്താവിതരണവകുപ്പിലെ ജോയിന്റ് സിക്രട്ടറി വൈ. എൻ. വമ്മ അഖിലേന്ത്യാ റേഡിയോയുടെ ഡയറക്ടർ ജനറലായി ഇന്നല ചാർജ്ജെടുത്തു.

ഇതുവരെ ആ ഉദ്യോഗം വഹിച്ചിരുന്ന ബി.വി. ട്ടിനെ ഫിലിംസെൻസർ ബോർഡിന്റെ ചെയർമാനായി നിയമിച്ചിരിക്കുകയാണു്. ബോംബെയിൽനിന്നു് സെൻസർബോർഡിന്റെ കേന്ദ്രകാര്യാലയം ഡൽഹിയിലേക്കു് മാറ്റിയിട്ടുമുണ്ടു്.

ഫിലുമകളുടെ അംഗീകരണം

രാജ്യസഭയിൽ അനൌദ്യോഗികപ്രമേയം

(പി. ടി. ഐ) ന്യൂഡൽഹി ഏ. 22

പ്രദർശനത്തിനുവേണ്ടി ഫിലിമുകൾ സർട്ടിഫൈ ചെയ്യുന്നതിനു് നിലവിലുള്ള നടപടിക്രമത്തെപ്പറ്റി ഒരനൌപചാരിക പ്രമേയം സംബന്ധിച്ചു ചർച്ച രാജ്യസഭയിൽ മേയ് 7_ാം തീയതി നടക്കുന്നതായിരിക്കും.

ഒരു കോൺഗ്രസ് മെമ്പറായ മി. എസ്. ബി. ബോഡ്ഡെയാണു് പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. ഇന്നു നടന്നവോട്ടിൽ പ്രഥമസ്ഥാനം ഈ പ്രമേയത്തിനു ലഭിച്ചു. സുഭായത്തെ ഫിലിം എങ്ങിനെ ബാധിക്കുന്നു എന്ന പ്രശ്നം സംബന്ധിച്ചു് സാഹിത്യകാരന്മാർ, വിദ്യാഭ്യാസവിദഗ്ദ്ധന്മാർ, എം. പി. മാർ എന്നിവരുടെ ഒരു കമ്മറി അന്വേഷണം നടത്തി പ്രദർശനത്തിനുള്ള ഫിലിമുകൾ സർട്ടിഫൈ ചെയ്യുന്നതിനുള്ള നടപടിക്രമം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശുപാർശകൾ സമർപ്പിക്കേണ്ടതാണെന്നു് പ്രമേയത്തിൽ പറയുന്നു.

തക്കപ്രദേശത്തെ സൈനികശക്തി

ഇന്ത്യ പിൻവലിച്ചാൽ ഞങ്ങളും പിൻവലിക്കാം

കൂടിയാലോചനക്കു് പാക്കിസ്ഥാന്റെ ഉപാധി

[പി ടി ഐ] കറാച്ചി, ഏപ്രിൽ 23

കച്ച് അതിർത്തിമേഖലയിലുള്ള തർക്കപ്രദേശത്തുനിന്നും ഇന്തൃ അതിന്റെ സൈനിക-സിവിൽശക്തികളെ പിൻവലിക്കുവാൻ സമ്മതിക്കുമെന്നു് പാക്കിസ്ഥാൻ പ്രത്യാശപ്രകടിപ്പിച്ചിരിക്കുന്നു.

ഈ തർക്കത്തിനു് സമാധാനപരമായ പരിഹാരം കാണുവാൻ ഉന്നതതലകൂടിയാലോചനകൾ നടത്തുന്നതിനു ഇതുകൊണ്ടു് സാധിക്കുമെന്നു് ഒരു പാക് വിദേശകാര്യാലയവക്താവു് പറഞ്ഞു. ഇന്തൃ അതിന്റെ സേനകളെ പിൻവലിക്കുകയാണെങ്കിൽ പാക്കിസ്ഥാനുമതിന്റെ സേനകളെ പിൻവലിക്കും. എന്നാൽ, പാക്കിസ്ഥാന്റെ അധീനതയിൽ ഇപ്പോഴും ഇരിക്കുന്ന സ്ഥാനത്തുനിന്നും ഒഴിഞ്ഞുപോകുന്നതിനു് ന്യൂഡൽഹി ഉന്നയിക്കുന്ന എന്തെങ്കിലും ഉപാധികളുടെയൊ സൈനികഭീഷണിയുടേയൊ വെളിച്ചത്തിൽ ഇന്ത്യയുമായി ചർച്ച ആരംഭിക്കുവാൻ പാക്കിസ്ഥാനു് സമ്മതമില്ലെന്നും ഈ വക്താവു് അറിയിച്ചു.

തർക്കപ്രദേശത്തുനിന്നു് പിൻവലിക്കുന്നതിനൊ അവിടെ സൈനികശക്തി പടുത്തുയർത്തുന്നതു് നിയന്ത്രിക്കുന്നതിനൊ ഇന്ത്യ ഇതുവരെ സമ്മതം പ്രകടിപ്പിച്ചിട്ടില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. ഒടുവിൽ കിട്ടിയ റിപ്പോർട്ടുകളനുസരിച്ചു് അവിടെ വീണ്ടും സംഘട്ടനങ്ങളുണ്ടായിരിക്കുന്നുവെന്നു് വക്താവു് പറയുകയുണ്ടായി

ബർഗോയിനിലെ പട്ടാളവിപ്ലവശ്രമം ഒരു ആത്മഹത്യയും അറസ്റ്റുകളും

(പി ടി ഐ) സോഫിയ, ഏ 22

ഒരു സൈനികവിപ്ലവത്തിനുനടത്തുശ്രമം അമർത്തപ്പെട്ടുവെന്നു് വ്യാപകമായി പ്രചരിക്കപ്പെട്ട റിപ്പോർട്ടുകൾക്കു ശേഷം പ്രാഥമമായി പുറത്തുവന്ന ഔദ്യോഗിക അഭിപ്രായപ്രകടനത്തിൽനിന്നു ഉയരുന്ന ഉദ്യോഗസ്ഥർ ആത്മഹത്യചെയ്യുകയും മറ്റനവധിപേരെ അറസ്റ്റുചെയ്യുകയുമുണ്ടായെന്നു് ബർഗേറിയൻ ഗവണ്മെണ്ടു് അറിയിച്ചിരിക്കുന്നു.

രാജ്യത്തെ നിയമങ്ങൾ ലംഘിച്ചുവരെയാണു് അറസ്റ്റുചെയ്തതെന്നു് ഒരധികൃതവൃത്തത്തെ ഉദ്ധരിച്ചുകൊണ്ടു് ബർഗേറിയൻ വാർത്താഏജൻസി റിപ്പോർട്ടു ചെയ്യുന്നു. അവർക്കെതിരായി അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണു്. എന്നാൽ എന്തുനിയമമാണു് ലംഘിക്കപ്പെട്ടതെന്നു് വ്യക്തമാക്കപ്പെട്ടിട്ടില്ല.

ജോൺസന്റെ വിയറ്റ്നാം നയത്തെ വിമർശിച്ചതിനു് ശിക്ഷ

ശാസ്ത്രിയുടെ സന്ദർശനം നീട്ടിവെച്ചതിനെപ്പററി അഭിജ്ഞവൃത്തങ്ങൾ

[റോയിട്ടർ] വാഷിങ്ടൺ, ഏ. 23

പ്രധാനമന്ത്രി ശാസ്ത്രിയുടെ അമേരിക്കൻ സന്ദർശനം നീട്ടിവെക്കുന്നതിനുണ്ടായ പ്രധാനകാരണം അമേരിക്കയുടെ വിയറ്റ്നാം നയത്തെ സംബന്ധിച്ചു് ശാസ്ത്രി നടത്തിയ വിമർശനവും,

തൊഴിലാളി

പോസ്റ്റ്‌ബോക്സ് 90
ടെലഫോൺ 125

1965 ഏപ്രിൽ 24-ാംതീയതി ശനി

നല്ലതിനു പുറപ്പെടുന്നതിനുമുമ്പ് ശകുനം മുടക്കരുതു

—o—

മദ്യനിരോധന നിയമത്തിനു് അടിയുറച്ചുനിൽക്കുന്നു് കേരളത്തെ സംബന്ധിച്ചേടത്തോളം ഒരാവശ്യമാണെന്നു് ഗവണ്മെന്റിനു് ബോദ്ധ്യമായിരിക്കുന്നു് സ്വാഗതാർഹമായ ഒരു വസ്തുതയാണു്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത മുമ്പോട്ടുപോകുമെങ്കിൽ കേരളീയർക്കു് അല്പം ആശ്വാസത്തിനു വകയുണ്ടാകും. ഈ നിയമം നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിലെല്ലാം തന്നെ അതു് വെറും ഒരു പ്രഹസനം മാത്രമായിപ്പരിണമിച്ചിരിക്കയാണു്. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം മദ്യനിരോധന മേഖലയിലാണല്ലോ സ്ഥിതിചെയ്യുന്നതു്. എന്നാൽ, താരതമ്യേന കുറഞ്ഞ നിരക്കിനു് തിരുവനന്തപുരം പട്ടണത്തിന്റെ എല്ലാ മൂലയിലും ആവശ്യമുള്ള ലഹരിപദാർത്ഥങ്ങളും കിട്ടുന്നുണ്ടെന്നാണു് പരക്കെ അറയപ്പെടുന്നതു്. നടപ്പുച്ചട്ടപ്പോലും മുക്കറ്റം കടിച്ചു് മദ്യനിരോധനം നടപ്പാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥന്മാരായി നടപ്പാക്കുന്നവരുടെ ഒരു പരിഹാസം മാത്രമായിപ്പരിണമിച്ചിരിക്കയാണു്. കേരളത്തിന്റെ തലസ്ഥാനത്തിന്റെ തന്നെ അവസ്ഥ ഇതാണെങ്കിൽ മറ്റു സ്ഥലങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. ഈ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി ഗവണ്മെന്റു് ചെലവാക്കുന്ന പണം മുഴുവൻ തന്നെ പാഴാക്കിക്കളയുകയാണു്

ഇന്ത്യാഗവർമ്മെണ്ടിന്റെ നട്ടെല്ലില്ലാത്ത യുദ്ധനയം

പാക്കിസ്ഥാൻ കച്ചിൽ കാല്പന്നത

(യു. പി. എസ്.)

ന്യൂഡൽഹി ഏ. 23

പ്രധാനമന്ത്രി ശാസ്ത്രിയുടെ യുദ്ധവിരാമസന്ധി നിർദ്ദേശം പാക്കിസ്ഥാന്റെ മുമ്പിൽ ഫലശൂന്യമെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. നൈറ്റ്വിന്റെകാലത്തു് ഇതേ നിർദ്ദേശം തന്നെ ഉന്നയിച്ചപ്പോഴുണ്ടായ പാക് പ്രതികരണവും സംഭാഷണം നടത്താൻ തയ്യാറാകണമെന്ന ഈയിടെ പാക്കിസ്ഥാൻ തന്നെ മുന്നോട്ടുവച്ച നിർദ്ദേശത്തെക്കുറിച്ച് ഇപ്പോൾ മൗനം ദീക്ഷിക്കുന്നതും പാക്കിസ്ഥാന്റെ യഥാർത്ഥലക്ഷ്യം എന്തു് എന്നതുസംബന്ധിച്ചു് ഗവർമ്മെണ്ടിനു് ഇപ്പോഴുള്ള ആശയക്കുഴപ്പത്തെ വെളിവാക്കുന്നു.

ചൈനയുടെ കാൽപ്പാടുകളാണ് പാക്കിസ്ഥാനും പിന്തുടരുന്നതെന്ന നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നതു്, റാണിലെ പാക്കു് നീക്കങ്ങൾകൂടെ നൽകിയപ്പിന്നണ, കൂടുതൽ യാഥാർത്ഥ്യമാക്കിത്തീർത്തിരിക്കുന്നു. പാക്കിസ്ഥാനിൽ ആയുധപരിശീലനം കഴിഞ്ഞു് തിരിച്ചെത്തിയിട്ടുള്ള നാഗാ ഒളിപ്പോരുകാരുടെ പുതിയ [ആക്രമണങ്ങൾ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കയാണു്. ചൈനയും പാക്കിസ്ഥാനും ചേന്നു് [അതിത്തിയിലാകമാനം കഴപ്പുങ്ങൾ സൃഷ്ടിക്കാനുള്ള ഒരു പരിപാടിക്ക ബീജാവാപം ചെയ്തിരിക്കുന്നു എന്നാണു് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നതു്.

ഈ പരിതസ്ഥിതിയിൽ പ്രതിഷേധിക്കുറിപ്പുകൾക്കും യുദ്ധവിരാമനിർദ്ദേശങ്ങൾക്കും യാതൊരർത്ഥവുമില്ലായെന്നു തോന്നിരിക്കുന്നതു്. നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരിച്ചെടുക്കാൻ കാബിനറിന്റെ മന്ത്രിൽ ഫലപ്രദമായ ഒരു പോംവഴിയെ അവശേഷിക്കുന്നുള്ളതു് — ഉടനെ സമരം. പാക്കിസ്ഥാനെ മനസ്സിലാക്കുന്ന ഭാഷയിൽത്തന്നെ പാക്കിസ്ഥാനോടു സംസാരിക്കുകയെന്ന അഭിപ്രായത്തിലാണു് മിക്ക നേതാക്കളും ഉറച്ചുനിൽക്കുന്നതു്. നഷ്ടപ്പെട്ട ഭൂമിയുടെ ഓരോ ഇഞ്ചും തിരിച്ചെടുക്കണമെന്നുള്ള പ്രധാനമന്ത്രിയുടെ പ്രഖ്യാപനവും, പ്രതികാരത്തിനുവേണ്ടി നമ്മുടെ സൈന്യം അക്ഷമരായിരിക്കുന്നു എന്ന പ്രതിരോധമന്ത്രിയുടെ പ്രസ്താവനയും നിസ്സംശയമായ ചില സംഭവങ്ങളുടെ നാന്ദിയായി കരുതപ്പെടേണ്ടിയിരിക്കുന്നു.

മെയ് മാസത്തോടുകൂടി കാശ്മീർകോട്ടപ്രദേശം മുഴുവൻ വേലിയേറ്റത്തിൽ പെട്ടു് സമുദ്രത്തിനടിയിലാകുമെന്നാണു പറയപ്പെടുന്നതു്. നവംബർമാസംവരെയും ഇതു തുടരുമെന്നു ഗവർമ്മെണ്ടിന്റെ തൽക്കാലത്തെ മൗനം എന്തു കാരണത്തിലായാലും ഇവിടെ സമയം വൈകിക്കുന്നതു് പാക്കിസ്ഥാനു് കച്ചിനെല്ലുള്ള പിടിമുറുക്കൽ മാത്രമേ സഹായിക്കയുള്ളു എന്നതു തീർച്ചയാണു്.

ബക്ഷിയെ വീണ്ടും താലോലിക്കുകയോ?

അത്രതന്നെ തന്ത്രപരമല്ലാത്ത ഒരു സമീപനമാണു് കാശ്മീരിന്റെ കാര്യത്തിൽ ഇതുവരെയും നാം അനുവർത്തിച്ചുപോന്നതു്. ഒരു രാജ്യത്തിനുള്ളിൽത്തന്നെ രണ്ടു പ്രധാനമന്ത്രിമാരും രണ്ടു ഭരണഘടനയും രണ്ടു ദേശീയപതാകകളും പുലർത്തിപ്പോന്ന പാരമ്പര്യം പൊളിച്ചെഴുതാൻ കോപ്പുകൂട്ടിത്തുടങ്ങിയെന്നുള്ളതു് ആശാജനകംതന്നെ. എന്നാൽ ബക്ഷി ഗുലാമിനെയും സാദിക്കിനെയും കൂട്ടിച്ചേർത്തുണ്ടാക്കിയ ഷേക്ക്ബഹ്ളള തിരിച്ചെടുത്തുമാത്രമേ കൂടി (തിരിച്ചെടുത്തുമെന്നാണു് കരുതപ്പെടുന്നതു്) അദ്ദേഹത്തിനെതിരായി ഒരു സമരനിര സൃഷ്ടിക്കാനുള്ള ശ്രമം ഗവണ്മെന്റുതലത്തിൽ ആരംഭിച്ചിട്ടുണ്ടു്.

ശാസ്ത്രിയുടെ നേതൃത്വത്തിൽ നടന്ന സംഘടിതമായ ഒരു ശ്രമത്തിന്റെ ഫലമായാണു് ബക്ഷിഗുലാം മുഹമ്മദ് പുറത്തള്ളപ്പെട്ടതു്. അഴിമതിക്കാരനും മതത്തിനെതിരായി പ്രവർത്തിക്കുന്നവനുമായ ഒരു ഭരണാധികാരിയെ നീക്കുന്നതിനുവേണ്ടിയാണു് ഇപ്പോൾ ഒരു സമരത്തിനു് ഗവർമ്മെണ്ടു് തയ്യാറാകുന്നതു്. ഇതു് ഒരു ഭരണമാറ്റത്തിനുവേണ്ടിയുള്ള സമരമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല.

ശാസ്ത്രിയുടെ നേതൃത്വത്തിൽ നടന്ന സംഘടിതമായ ഒരു ശ്രമത്തിന്റെ ഫലമായാണു് ബക്ഷിഗുലാം മുഹമ്മദ് പുറത്തള്ളപ്പെട്ടതു്. അഴിമതിക്കാരനും മതത്തിനെതിരായി പ്രവർത്തിക്കുന്നവനുമായ ഒരു ഭരണാധികാരിയെ നീക്കുന്നതിനുവേണ്ടിയാണു് ഇപ്പോൾ ഒരു സമരത്തിനു് ഗവർമ്മെണ്ടു് തയ്യാറാകുന്നതു്. ഇതു് ഒരു ഭരണമാറ്റത്തിനുവേണ്ടിയുള്ള സമരമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല.

കതിരയും സായിപ്പും മസരിച്ചു കടിച്ച അവസാനം സായിപ്പ തോറ്റു

ലണ്ടൻ, ഏ 22

ഇവിടെ ഡിക്സി പുന്ന ഒരു കതിരയുമായി പറായ വെച്ച ബ്കടിക്കുനിന്നറ ഒരു നാട്ടുപ്പട്ട പരാജയപ്പെട്ടിരിക്കുന. 55 കാരനായ സെർവാംസ്സൻ എന്നപ്പട്ടവാണ് കതിരയോടു് കടിക്ക തോറാതു്. ഒരു ദിവസം കതിര ബീർ കടിക്കുന്നതുപോലെ ഇദ്ദേഹത്തിന്റെ ദിവിഷനിൽ കണ്ട. താൻ ആ കതിരയുമായി കരു കടിമത്സരം നടത്താൻ ഒരുക്കമാണെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. ഉടൻ തന്നെ ഇവിന്റെ ഭാഗ്യക്കാരും, കതിരയുടെ ആഗ്രഹക്കാരും ബീർകടിപ്രതയംവെച്ചു. കതിരക്കടി പ്രേവിനെ കടിയിൽ ജയനിയമായി പരാജയപ്പെടുത്തി വിജയിച്ചു.

—

ഇന്ത്യയിലെ ഉഴവുമത്സരത്തിൽ വിജയിച്ചയാൾ ലോകമത്സരത്തിലേയ്ക്കു്

ലുധിയാനാ ഏപ്രിൽ 23

ഈ വർഷാവസാനം നോർവ്വേയിൽ വച്ചു നടക്കുന്ന ലോക ഉഴവു് മത്സരത്തിൽ പർഗത് സിംഗ് എന്ന കർഷകൻ ഇന്ത്യയുടെ പ്രതിനിധിയായി പങ്കെടുക്കുന്നതാണു്.

പഞ്ചാബ് സർവ്വകലാശാല വകയായി ഇവിടെ 2000 ഏക്കർ വിസ്തീർണ്ണത്തിലുള്ള കൃഷിത്തോട്ടത്തിൽ നടന്ന ആദ്യത്തെ ഇന്ത്യൻ ഉഴവു മത്സരത്തിൽ ഇദ്ദേഹം ഒന്നാമനായിരുന്നു. ഇദ്ദേഹത്തിനു് ഇപ്പോൾ വയസ്സു് 45 ആണു്.

ശാസ്ത്രിയുടെ നേതൃത്വത്തിൽ നടന്ന സംഘടിതമായ ഒരു ശ്രമത്തിന്റെ ഫലമായാണു് ബക്ഷിഗുലാം മുഹമ്മദ് പുറത്തള്ളപ്പെട്ടതു്. അഴിമതിക്കാരനും മതത്തിനെതിരായി പ്രവർത്തിക്കുന്നവനുമായ ഒരു ഭരണാധികാരിയെ നീക്കുന്നതിനുവേണ്ടിയാണു് ഇപ്പോൾ ഒരു സമരത്തിനു് ഗവർമ്മെണ്ടു് തയ്യാറാകുന്നതു്. ഇതു് ഒരു ഭരണമാറ്റത്തിനുവേണ്ടിയുള്ള സമരമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമാണെന്നു് ഗവർമ്മെണ്ടിനു് ഒരിക്കലും പറയുവാൻ കഴിയുകയില്ല.

വീട്ടുവാടക കൊടുക്കാതെ കടന്നുകളയുന്നു നയതന്ത്രപ്രതിനിധികൾ

രാജ്യത്തെ നിയമങ്ങൾ അനുസരിക്കണമെന്നു് വിദേശവകുപ്പു് മുന്നറിയിപ്പു നൽകി

ന്യൂഡൽഹി, ഏപ്രിൽ 22

രാജ്യത്തെ നിയമങ്ങൾ അനുസരിക്കണമെന്നു് വിദേശവകുപ്പു് എല്ലാ നയതന്ത്രകാര്യാലയങ്ങൾക്കും മുന്നറിയിപ്പു് നൽകിയിരിക്കുന്നു.

ചിലർ കെട്ടിടത്തിന്റെ വാടകപോലും കൊടുക്കാതെ പല നയതന്ത്രപ്രതിനിധികളും വീട്ടുകാരെ കബളിപ്പിക്കുകയും പലരും രാജ്യം വിട്ടുപോകുകയും ചെയ്യാറുണ്ടു്. വീട്ടുടമകളുമായി കരാർ ഉണ്ടാക്കി വ്യവസ്ഥകളനുസരിച്ചു് എടുത്തശേഷം കരാർ ലംഘിച്ചു് പലരും ഒഴിഞ്ഞുപോകുന്നുണ്ടു്. വീട്ടുടമകളിൽനിന്നും പലപരാതികളും ഇതിനകം വിദേശകാര്യവകുപ്പിനു് ലഭിച്ചിട്ടുണ്ടു്. നയതന്ത്രപ്രതിനിധികളെ കോടതിയിൽ ഹാജരാക്കുന്നതിൽനിന്നും ഒഴിവാക്കിയിരിക്കയാണു്. കാറുകൊടുക്കുമ്പോൾ കൈമാറ്റം ചെയ്യുന്നതു് സ്റ്റോറേഡേഡിംഗ് കേപ്പറേഷനാണു് മാത്രമേ പാടുള്ള എന്നാണു് നിയമം. എന്നാൽ ഈ നിയമവും നയതന്ത്രപ്രതിനിധികളും ലംഘിച്ചുവരികയാണു്. നയതന്ത്രപ്രതിനിധികളുടെ നേതാവു് എന്നു കണക്കാക്കപ്പെട്ടിട്ടുള്ള സോവ്യറ്റ് അംബാസിഡറേയും വിദേശവകുപ്പു് ഈ കാര്യത്തിൽ പ്രത്യേകം ശട്ടം കെട്ടിയിരിക്കയാണു്.

ഇണപ്രാവുകൾ

മദ്ധ്യകേരളത്തിലെ ചൈതന്യവത്തുമായ ഗ്രാമജീവിതത്തിന്റെ പശ്ചാത്തലത്തിൽ ശ്രീ. മുട്ടത്തു വർക്കി എഴുതിയ ആ പ്രണയകഥ അസാധാരണമായ ശില്പ മേഖലയോടെ "ഇണപ്രാവുകൾ" എന്ന ചിത്രത്തിലൂടെ ചിത്രീകരിക്കുവാൻ അനുഗ്രഹീതസംവിധായകനായ ശ്രീ. കുഞ്ചാക്കോയ്ക്കു കഴിഞ്ഞു എന്നതാണു് ഈ ചിത്രത്തിന്റെ അത്രപൂർവ്വമായ വിജയത്തിനു് നിദാനം.

പ്രൈമറി അദ്ധ്യാപകരായും ശാകന്തളത്തിന്റെയും ദേവാസിന്റെയുമൊക്കെ തായ്വഴിയിൽ കുത്തിപ്പിടിച്ചു നിന്ന ഒരു ഇതിവൃത്തമാണു് ഇണപ്രാവുകളുടെ കഥ. നിത്യസുന്ദരവും നിത്യശാശ്വതവുമായ ഒരു പ്രണയകഥ. കേരളത്തിലെ നിത്യഹരിതവും നിസ്സാരവുമായ ഗ്രാമങ്ങളുടെ ജീവിതത്തിന്റെ നടുവിൽ ആ കഥ പറിച്ചുനട്ട എന്നതാണു് ശ്രീ. മുട്ടത്തു വർക്കിയുടെ പ്രത്യേകത. കഥാപാത്രങ്ങളുടെ മുഖഭാവകം മാറി, സംഭവങ്ങൾ മാറി, അരങ്ങു് മാറി, ഇതിവൃത്തത്തിന്റെ ആവിഷ്കരണത്തിലുള്ള പ്രത്യേകത സംവിധായകൻ മനസ്സിലാക്കിയിട്ടുണ്ടെന്നു് ചിത്രംകണ്ടാൽ തോന്നും. നാം അടുത്തുകണ്ടിടപഴകിയിട്ടുള്ള ഒരു നാട്ടുംപുറത്തുകാരുടെ കയറിയിറങ്ങുന്നതായി നമുക്കതോന്നും. നമുക്ക നിത്യപരിചയമുള്ള കഥാപാത്രങ്ങളും സംഭവങ്ങളും അസാധാരണമായ പുതുമയോടെ "ഇണപ്രാവുകളി"ൽ നാം കാണുന്നു. ആ സംഭവപരമ്പരകളിലൂടെ നാം കടന്നുകയറുകയും കഴിയുന്നതു് ഇണപ്രാവു

കേരളത്തിൽ പിന്നേയും രൂക്ഷമായ ഭക്ഷ്യക്ഷാമം തലപൊക്കുന്നു

സർക്കാരിന്റെ പരാജയപ്പെട്ട നെല്ലെടുപ്പുനയവും കേന്ദ്രത്തിന്റെ ഇടംതടിപ്പും അന്തരീക്ഷത്തിൽ കരിമേഘങ്ങളുയർത്തുന്നു

(സ്വന്തം ലേഖകൻ) തിരു: ഏ 23

കേരളത്തിൽ ഭക്ഷ്യക്ഷാമം കൂടുതൽക്കൂടുതൽ രൂക്ഷമായ രൂപത്തിൽ ആസന്നഭാവിയിൽ ഉണ്ടാകുമെന്ന് ഗവണ്മെണ്ടിന് ഭയപ്പെടുന്നുണ്ടായും കേന്ദ്രം ഈ കാര്യത്തിൽ അല്പമെങ്കിലും ശുഭ പതിവുകാണുന്നില്ലെന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

ഡൽഹിക്കുപോയിരിക്കുന്ന ഗവണ്മെണ്ടിന്റെ ഭരണ സാധ്യതയെപ്പറ്റി അദ്ദേഹത്തിന് പല പുതിയ അറിവുകളും നൽകുകയുണ്ടായി. അവിടത്തെ കായൽ രാജാക്കന്മാരിൽനിന്ന് നെല്ല് പിടിച്ചെടുക്കാൻ ജയിനോ പ്രസിഡണ്ടിന്റെ ഭരണത്തിനോ കഴിഞ്ഞില്ലെന്നതു് ഇവിടെ കരിഞ്ചന്തയുടെ കരിനിഴൽ കൂടുതൽ വീശാൻ ഇടനൽകുകയാണ് ചെയ്തതു്. നിയമത്തിൽതന്നെ അയുക്തിയുണ്ടെന്നും അതുടനടി ഭേദഗതിചെയ്യണമെന്നും